(ഡി) നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റിന്റെ കൈവശമുള്ള 314.450 ഹെക്ടർ സ്ഥലത്തിന് കരം സ്വീകരിക്കുന്നതിന് വനം വകുപ്പിന് വിരോധമില്ല എന്ന് മാത്രമാണ് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 28-4-2014-ലെ സി2-8521/2012 നമ്പർ കത്ത് പ്രകാരം ചിറ്റൂർ തഹസിൽദാരെ അറിയിച്ചത്. 8-7-2014-ൽ നിയമസഭയിൽ ഉന്നയിച്ച അടിയന്തര പ്രമേയ ചർച്ചാ വേളയിൽ ടി എതിർപ്പില്ലാ രേഖ മരവിപ്പിക്കുന്നതിന് നിർദ്ദേശമുണ്ടായി. തുടർന്ന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 8-7-2014-ലെ സി2-8521/2012 കത്ത് പ്രകാരം ടി വിവരം ചിറ്റൂർ തഹസിൽദാരെ അറിയിക്കുകയുണ്ടായി.

(ഇ) വനം വകുപ്പിന്റെ അന്വേഷണത്തിൽ വനഭൂമി നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടില്ല. സർക്കാർ ഭൂമി നഷ്ടപ്പെട്ടോ എന്ന് ലാൻഡ് ബോർഡ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരിശോധിക്കുവാൻ 12-11-2014-ലെ സ.ഉ. (സാധാ) നമ്പർ 5473/2014/റവന്യൂ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഫീൽഡ് പരിശോധന നടത്തിവരുന്നു.

ബയോമെട്രിക് കാർഡുകൾ

7 (*457) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് കാർഡുകൾ നൽകിയിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന സംസ്ഥാനത്തെ 1,17,019 മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ഐ.ടി.ഐ. പാലക്കാടാണ് ബയോമെട്രിക് ഐഡന്റിറ്റി കാർഡ് തയ്യാറാക്കി നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭാരതത്തിലെ തീരദേശങ്ങളുടെ സുരക്ഷിതത്വത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മത്സ്യത്തൊഴിലാളികൾക്ക് പകർപ്പ് എടുക്കാൻ പറ്റാത്ത വിധമുള്ള ബയോമെട്രിക് തിരിച്ചറിയൽ കാർഡാണ് നൽകുന്നത്. രാജ്യസുരക്ഷയുടെ ഭാഗമായാണ് കേന്ദ്ര സർക്കാർ തിരിച്ചറിയൽ കാർഡ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പദ്ധതിക്ക് രൂപംകൊടുത്തത്. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുമ്പോൾ ബയോമെട്രിക് തിരിച്ചറിയൽ കാർഡ് കൈവശം വയ്ക്കേണ്ടതും സുരക്ഷ ഏജൻസികൾ പരിശോധന നടത്തുമ്പോൾ ഇവ ഹാജരാക്കേണ്ടതുമാണ്. മത്സ്യത്തൊഴിലാളികളെ തിരിച്ചറിയുന്നതിന് ഈ കാർഡ് അത്യന്താപേക്ഷിതമാണ്. കൂടാതെ സർക്കാർ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളായ തണൽ മുതലായവയുടെ ആനുകൂല്യം നൽകുന്നതും ബയോമെട്രിക് തിരിച്ചറിയൽ കാർഡിന്റെ അടിസ്ഥാനത്തിലാണ്.

(സി) കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി കേന്ദ്ര ധനസഹായത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികളുടെ വിവര ശേഖരണം നടത്തുന്നത് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും വിവരങ്ങൾ ലഭ്യമാക്കിയ മത്സ്യത്തൊഴിലാളികളുടെ ഫോട്ടോയും ഫിംഗർപ്രിന്റും എടുക്കുന്ന പ്രവൃത്തി ചെയ്യുന്നത് ഐ.ടി.ഐ. പാലക്കാട് എന്ന കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനവുമാണ്. ഐ.ടി.ഐ. പാലക്കാട് തയ്യാറാക്കുന്ന ബയോമെട്രിക് തിരിച്ചറിയൽ കാർഡ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നു.

(ഡി) രാജ്യരക്ഷയുടെ ഭാഗമായി ഭാരതത്തിലെ തീരദേശങ്ങളുടെ സുരക്ഷിതത്വത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാര സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഐ.ടി.ഐ. പാലക്കാടുമായി സഹകരിച്ചാണ് ബയോമെട്രിക് കാർഡുകൾ തയ്യാറാക്കുന്നത്. 2009-10 കാലഘട്ടത്തിൽ മത്സ്യത്തൊഴിലാളികളുടെ (അനുബന്ധ തൊഴിലാളികൾ ഉൾപ്പടെ) വിവരശേഖരണം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നിർവ്വഹിക്കുകയുണ്ടായി. വിവരശേഖരണം നടത്തിയ 2,36,729 പേരിൽ 2,29,247 പേരുടെ ബയോമെട്രിക് ഡാറ്റാ എൻട്രി ഐ.ടി.ഐ. പാലക്കാട് നിർവ്വഹിക്കുകയും 1,72,557 ബയോമെട്രിക് ഐഡന്റിറ്റി കാർഡ് തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഐ.ടി.ഐ. പാലക്കാട് തയ്യാറാക്കി നൽകിയ 1,72,557 കാർഡുകളിൽ 1,71,019 ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവർക്ക് കാർഡ് വിതരണം ചെയ്യുന്നതിനും പ്രസ്തുത കാർഡിനായി വിവരശേഖരണത്തിന് അപേക്ഷ നൽകാത്തവരിൽനിന്നും അപേക്ഷ സ്വീകരിക്കുന്നതിനും ആയതിന്റെ ബയോമെട്രിക് ഡാറ്റാ എൻട്രി ഐ.ടി.ഐ. പാലക്കാട് മുഖാന്തരം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനും ആവശ്യമായ നടപടി രണ്ടാം ഘട്ടപ്രവർത്തനത്തിൽ പുരോഗമിച്ചു വരുന്നു. ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണ പദ്ധതിക്കായി 112 ലക്ഷം രൂപ കേന്ദ്ര സർക്കാർ ഫിഷറീസ് വകുപ്പിന് അനുവദിക്കുകയും 111.20 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ

8 (*458) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ദേശീയ മത്സ്യ വികസന ബോർഡിന്റെ 90 ശതമാനം ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിക്കുന്നു. ഇതിന്റെ ഭാഗമായി 41 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരം ലഭിച്ചു കഴിഞ്ഞു.

(ബി) കടലിൽ പിടിക്കുന്ന മത്സ്യം ഒട്ടുംതന്നെ മൂല്യശോഷണം സംഭവിക്കാതെ ഗുണഭോക്താവിന്റെ അടുക്കളയിൽ എത്തിക്കാനുതകുന്ന രീതിയിൽ ഒരു കോൾഡ് ചെയിൻ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക സൗകര്യങ്ങളുള്ള മത്സ്യമാർക്കറ്റുകൾ തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിക്കുന്നു. പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും വെവ്വേറെ സ്റ്റാളുകൾ, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ലേക്ക് ഐസ്, അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനായി ചിൽ റൂം സംവിധാനം, മലിനജലം

LIBRARY ARCHIVES Kerala Legislative Assembly